## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5223** 31.10.2016 ൽ മറുപടിക്ക്

## ഡോ.എം. എ. ഉമ്മൻ കമ്മിറ്റി

| ചോദ്യം: | | മറുപടി : |
|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) 2009 ൽ ഡോ.എം. എ. ഉമ്മൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br>ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെൽ രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | 2007 ന് മുൻപുള്ള പത്ത് വർഷക്കാലത്തെ വികേന്ദ്രീകരണാസൂത്രണം, വികസനം എന്നിവ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഡോ. എം.എ ഉമ്മൻ കമ്മിറ്റി 2009 ൽ സമർപ്പിച്ച റിപ്പോർട്ടിൽ, ജോലിഭാരം സംബന്ധിച്ച് വിശദമായി കണക്കാക്കി തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ പ്രാഥമിക വിവര ശേഖരണത്തിനായി സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥനെ ഓരോ പഞ്ചായത്തിലും ഒന്നുവീതവും മുൻസിപ്പാലിറ്റി കോർപ്പറേഷൻ തലത്തിൽ ആവശ്യാനുസരണവും നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് സൂചിപ്പിക്കുകയും ആയതിന് 1219 സ്റ്റാറ്റിസ്റ്റിക്കൽ തസ്തികകൾ ആവശ്യമായി വരുമെന്ന് ടി കമ്മിറ്റി മുമ്പാകെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർ സമർപ്പിച്ചിരുന്ന കുറിപ്പിൽ വ്യക്തമാക്കിയിരുന്നുവെന്നും പരാമർശിക്കുന്നുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു സ്റ്റഡിഗ്രൂപ്പ് രൂപീകരിച്ച് സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പിലും |

| | | |
|---|---|---|
| | | വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റിലും ഒരു വർക്ക് സ്റ്റഡി നടത്തി വർക്ക് ലോഡിന് ആനുപാതികമായുള്ള തസ്തികകൾ കണക്കാക്കി അധികമായി കണ്ടെത്തുന്ന ജീവനക്കാരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന പുതുതായി നിർദ്ദേശിക്കപ്പെട്ട തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനാണ് ടി കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. |
| സി) | മലപ്പുറം ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ഇല്ല |
| ഡി) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം മലപ്പുറം ജില്ലയിൽ എൽ.ഡി.സി നിയമനവുമായി ബന്ധപ്പെട്ട് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; പി.എസ്.സി യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ? | ഡി) 109 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

Sebimol
സെക്ഷൻ ഓഫീസർ